ॐ



തന്ന: പ്രസീദ നിരപേക്ഷ വിമൃഗ്യയുഷ്മത് -
പാദാരവിന്ദധിഷണാന്യ ഗൃഹാന്ധകൂപാത്
നിഷ്ക്രമ്യ വിശ്വശരണാങ്ഘ്ര്യുപലബ്ധവൃത്തി:
ശാന്തോ യഥൈക ഉത സർവ്വസഖൈശ്ചരാമി (10-85-45)

യ ഇദമനുശൃണോതി ശ്രാവയേദ്വാ മുരാരേ -
ശ്ചരിതമമൃതകീർത്തേർവ്വർണ്ണിതം വ്യാസപുത്രൈ:
ജഗദഘഭിദലം തദ്ഭക്തസത്കർണ്ണ പൂരം
ഭഗവതി കൃതചിത്തോ യാതി തത്ക്ഷേമധാമ (10-85-59)

*ശുകമുനി തുടർന്നു:*
ദേവകി തൻെറ പുത്രൻെറ ദിവ്യതയെ സാക്ഷാത്കരിച്ച് കംസനാൽ കൊല്ലപ്പെട്ട തൻെറ ആദ്യത്തെ ആറുപുത്രൻമാരെപ്പറ്റിയോർത്തിട്ട് കൃഷ്ണനോടിങ്ങിനെ പറഞ്ഞു. "കൃഷ്ണാ, നീയാണ് ഈശ്വരനെന്നും സൃഷ്ടാവിനുപോലും പ്രഭുവാണ് നിയെന്നും എനിക്കറിയാം. നീ ഗുരുപുത്രനെ യമദേവൻെറ അടുത്തുനിന്നും തിരികെ കൂട്ടിക്കൊണ്ടുവന്നതു കേട്ട് ഞാൻ അത്ഭുതചകിതയായിട്ടുണ്ട്. എനിക്കും എൻെറ മക്കളെ കാണണമെന്നുണ്ട്. കംസൻ വധിച്ച എൻെറ കുഞ്ഞുങ്ങളെ വീണ്ടും കാണാനുള്ള എൻെറ ആഗ്രഹം സാധിച്ചു തന്നാലും."

കൃഷ്ണനും ബലരാമനും തങ്ങളുടെ യോഗമായകൊണ്ട് ക്ഷണനേരത്തിൽ സുതലമെന്ന പാതാള ലോകത്തെത്തിച്ചേർന്നു. സുതലത്തിൻെറ രാജാവ് മഹാനായ ബലിയായിരുന്നു. ദിവ്യസഹോദരൻമാരെക്കണ്ട് അദ്ദേഹം ഹർഷപുളകിതനായി. അവരെ പൂജിച്ചെതിരേറ്റ്, കൃഷ്ണൻെറ പാദകമലങ്ങളെ ആലിംഗനം ചെയ്തുകൊണ്ട് ബലി ഇങ്ങിനെ പറഞ്ഞു. "ഭഗവാനേ ഞങ്ങൾ അസുരൻമാർ അങ്ങയോട് വെറുപ്പു വച്ചുപുലർത്തുന്നവരത്രെ. എങ്കിലും ഉത്തമഭക്തൻമാരേപ്പോലെത്തന്നെ ഞങ്ങളും അങ്ങയോടടുത്തു തന്നെ നിലകൊളളുന്നു. ഭക്തിയാലോ, വെറുപ്പാലോ ഞങ്ങൾ എപ്പോഴും അങ്ങയോടൊപ്പമത്രെ. ഏറ്റവും മഹാനായ യോഗിവര്യൻപോലും അങ്ങയുടെ യഥാർത്ഥഭാവം അറിയുന്നില്ല. ആഗ്രഹലേശമില്ലാത്തവർ ആഗ്രഹിക്കുന്ന അവിടുത്തെ പാദാരവിന്ദങ്ങളിൽ നിരന്തരഭക്തിയുണ്ടാവാനാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അങ്ങിനെ ലൗകീകതയെന്ന ഇരുട്ടുകുഴിയിൽ നിന്ന് എനിക്ക് സ്വാതന്ത്ര്യം ലഭിക്കുമല്ലോ. അതിനുശേഷം സ്വതന്ത്രനായി അലഞ്ഞുതിരിയുകയോ സർവ്വജീവജാലങ്ങളെയും സുഹൃത്തായി കണക്കാക്കുന്നവരുമായുള്ള സത്സംഗസൗഭാഗ്യമാസ്വദിക്കുകയോ ചെയ്യാമല്ലോ."

*കൃഷ്ണൻ പറഞ്ഞു.*
അല്ലയോ അസുരരാജൻ, മരീചിമുനിക്ക് തൻെറ ഭാര്യയായ ഊർണയിൽ ആറു പുത്രൻമാരുണ്ടായിരുന്നു. ബ്രഹ്മാവ് തൻെറ പുത്രിയെ വിഷയാസക്തനായി സമീപിക്കുന്നതു കണ്ട് ഇവർ മര്യാദകെട്ട രീതിയിൽ പൊട്ടിച്ചിരിച്ചു. അങ്ങിനെ ബ്രഹ്മകോപത്തിനിരയായി. അങ്ങിനെയവർ ഹിരണ്യകശിപുവിൻെറ സന്താനങ്ങളായി ജനിക്കാനിരുന്നുവെങ്കിലും എൻെറ അമ്മയുടെ വയറ്റിലേക്ക് മാറ്റപ്പെട്ടു. അവരെ കംസൻ വധിക്കുകയും ചെയ്തു. എൻെറ അമ്മയുടെ ആഗ്രഹം സാധിപ്പിച്ച് സന്തോഷിപ്പിക്കാനായി അവരെ ഭൂമിയിലേക്ക് കൊണ്ടു പോകാനാണ് ഞങ്ങൾ വന്നിട്ടുള്ളത്." ബലി തൽക്ഷണം ആറുപേരെയും പുനർജീവിപ്പിച്ചു. സഹോദരൻമാർ അവരെ ദേവകിയുടെ അടുക്കൽ കൊണ്ടുപോയി. ശ്രീകൃഷ്ണൻെറ കരസ്പർശനമാത്രയിൽ അവർക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുകയും അവർ സ്വർഗ്ഗസീമകളിലേക്കുയരുകയും ചെയ്തു. ദേവകി അത്ഭുതസ്തബ്ധയായി. തൻെറ പുനർജീവിക്കപ്പെട്ട പുത്രൻമാരെ വീണ്ടും നഷ്ടപ്പെട്ടതിൽ അവർക്ക് ദു:ഖമേതും തോന്നിയതുമില്ല.

ആരൊരുവൻ ഭഗവാൻെറ സർവ്വ സംശുദ്ധീകരമായ ഈ കഥകൾ പറയുകയോ കേൾക്കുകയോ ചെയ്യുന്നുവോ അവർക്ക് തീവ്രഭക്തിയുണ്ടാവുകയും അവർക്ക് ഭഗവൽസവിധം പൂകാനിടവരികയും ചെയ്യും.